മാനദണ്ഡം പുനഃപരിശോധിക്കുക, ന്യായവില ഷോപ്പുകളിലൂടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് സഹായം, ഓപ്പൺ മാർക്കറ്റ് സിസ്റ്റത്തിലൂടെ ഉയർന്ന വിലയ്ക്ക് ഗോതമ്പ് എടുക്കുന്നത് സംബന്ധിച്ച്, മാവേലി സ്റ്റോറുകളുടെ നവീകരണം, കൂടുതൽ എയർലൈനുകൾ അനുവദിക്കുക, എയർകേരളാ പ്രോജക്ടിന് അനുമതി നൽകുക, വിദേശമലയാളികൾക്ക് ക്ഷേമ പദ്ധതികൾ, വിമാന ചാർജ്ജ് വർദ്ധനവ് ഉപേക്ഷിക്കുക, വായ്പ എടുക്കാനുള്ള പരിധി ഉയർത്തുക, നാണ്യവിളകളെ ദേശിയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക, ഡോ. സ്വാമിനാഥൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇടുക്കി, ആലപ്പുഴ ജില്ലകളിലെ കാർഷിക മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക, കേരളത്തിന് അനുയോജ്യമായ കാർഷിക പാക്കേജ് പ്രഖ്യാപിക്കുക, കുരുമുളകിന്റെ ഇറക്കുമതി തീരുവ 70 ശതമാനമായി ഉയർത്തുക, അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്ലിയറൻസ്, എമിഗ്രേഷൻ നടപടിക്രമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുക, കുവൈറ്റ് യുദ്ധത്തെത്തുടർന്ന് നഷ്ടപരിഹാരം ലഭിക്കാനുള്ള സമയപരിധി നീട്ടുക, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി ഉപേക്ഷിക്കുക, തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള സഹായം ലഭ്യമാക്കുക, തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുക, വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുക, ടൂറിസം മേഖലയുടെ വികസനത്തിന് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുക, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഒരു കേന്ദ്ര സർവ്വകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുക, അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വിവിധ പദ്ധതികൾക്ക് കേന്ദ്ര സഹായം വർദ്ധിപ്പിച്ച് നൽകുക, ദേശീയപാത 47-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനു മുൻപാകെ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പ്രശ്നങ്ങളോട് പൊതുവിൽ അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. എന്നാൽ ഉറപ്പു നൽകിയ പല പദ്ധതികൾക്കും ഇനിയും അനുമതി ലഭിച്ചിട്ടില്ല.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ

2 (1525) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങൾ ഇനിയും നീങ്ങേണ്ടതായിട്ടുണ്ട് ; പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വിശദമാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനു വേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ., ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിനകം അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) കരട് ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് എസ്റ്റിമേറ്റ് തുക 58,500 ലക്ഷം രൂപയാണ്. അന്തിമ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ തുകയ്ക്ക് മാറ്റം വരാവുന്നതാണ്.

(സി) മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലായതുകൊണ്ട് വിധി വന്നതിനുശേഷമേ പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കേസ് ഇപ്പോൾ സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ നിർദ്ദേശാനുസരണം നിയോഗിച്ച എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയിലാണ്. എംപവേർഡ് കമ്മിറ്റി മുമ്പാകെ ലഭ്യമായ എല്ലാ തെളിവുകൾ സമർപ്പിച്ചും കേരള സർക്കാരിന്റെ ഭാഗം വ്യക്തമായി അവതരിപ്പിക്കുന്നതിന് സുപ്രീം കോടതിയിലെ പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ നിയോഗിച്ചും നിയമപരമായും ഭരണപരമായും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

മലയാളഭാഷാ വികസനത്തിന് സ്വീകരിച്ച നടപടി

3 (1526) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളഭാഷാ വികസനത്തിനു സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് ഭരണഭാഷ മലയാളമാക്കിയതെന്നും, ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly